ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ പറഞ്ഞ വിധത്തിൽ വലിയ വലിയ ശമ്പളം കിട്ടാവുന്ന ആളുകൾക്കു പെൻഷൻ കിട്ടുന്നതിനു വേണ്ടി അവരുടെ ബാറിലെ സർവ്വീസുംകൂടി കണക്കാക്കുന്നതാണെന്നു ഗവൺമെണ്ടു് അടുത്തു് ഓർഡർ പാസാക്കുകയുണ്ടായിട്ടുണ്ടു്. ഈ പുതിയ വിദ്യ മദ്രാസിലെ കാൺഗ്രസു ഗവൺമെൻറു ബ്രാഹ്മണരുടെ നന്മക്കു വേണ്ടി ഉണ്ടാക്കിയതാണു്. നമ്മുടെ ഗവൺമെണ്ടും അതു് ഇവിടെ സ്വീകരിച്ചുവെന്നേയുള്ളു.

Mr. A. Madhava Prabhu *(Diwan Peishkar)*: This fact also will be considered.

മിസ്റ്റർ സി. വി. ഇയ്യു: ഏതായാലും ഇതിനെപ്പറ്റി അധികം വാദപ്രതിവാദം ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ ഈ ഉപക്ഷേപം ഇവിടെ പ്രസ്സു ചെയ്യുന്നു.

Motion put and carried

Cut Motion No. 7

Increased rate of T. A. to Village staff going to Treasuries to remit Revenue Collection

Mr. C. V. Iyyu *(Kunnamkulam)*: *Sir, "To reduce the allotment of Rs. 19,648 for Land Revenue-allowances by Rs. 2. (To bring to the notice of the Government the extremely inadequate provision made to meet the Travelling expenses of the Village Staff when they go to Revenue Collections in the Treasury).*

സർ, ഈ കട്ടുമോഷനിൽ ചില്ലറ ചില തെറ്റു വന്നിട്ടുണ്ടു്.

മിസ്റ്റർ കെ. അച്യുതമേനോൻ: എങ്ങിനെയാക്കണമെന്നാണു പറയുന്നതു്?

മിസ്റ്റർ സി. വി. ഇയ്യു: റവന്യൂ എന്ന വാക്കിനു മുമ്പു റമിറ്റ് (Remit) എന്നു ചേർത്തു വായിക്കണമെന്നാണു് എന്റെ സൂചന.

കുന്നംകുളത്തു നിന്നു വടക്കാഞ്ചേരി ട്രഷറിയിൽ ഒരു വില്ലേജുദ്യോഗസ്ഥൻ പണം അടക്കുവാൻ പോയി വരണമെങ്കിൽ ഇപ്പോൾ ഫ കു. ര ണ. ബസ്സുകൂലി കൊടുക്കണം. മടങ്ങിയെത്തുന്നതിനു മുമ്പു് അയാൾക്കു രണ്ടു നേരത്തെ ഭക്ഷണമെങ്കിലും കഴിക്കേണ്ടതായിവരും. ആ ചിലവു് ഇതിനും പുറമെയാണു്. അതുകൊണ്ടു് ആലോചിച്ചാൽ ചുരുങ്ങിയതു പതിനഞ്ചണയോ ഒരുറുപ്പികയോ ചിലവുണ്ടു്. യഥാർത്ഥ ചിലവു വരുന്ന സംഖ്യയെങ്കിലും ഗവൺമെണ്ടിൽ നിന്നു വില്ലേജുദ്യോഗസ്ഥന്മാർക്കു കൊടുക്കണമെന്നാണു ഞാൻ ഈ ഉപക്ഷേപം മൂലം ആവശ്യപ്പെടുന്നതു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഇവർക്കു് ഇപ്പോൾ പത്തു മൈലിൽ കൂടുതൽ പോകയാണെങ്കിൽ എന്തു കൊടുക്കുന്നുണ്ടു്?

Mr. A. Madhava Prabhu *(Diwan Peishkar)*: In the case of Paravathiams and Menons, 8 annas. In the case of Masapadies and Peons, 6 annas.

മിസ്റ്റർ സി. വി. ഇയ്യു: എട്ടണയായാൽ അവരുടെ ഭക്ഷണത്തിനു മതിയാകുമോ? എട്ടണ ബസ്സുകൂലിക്കു മതിയാവുകയില്ല. ബസ്സുകൂലിയും ഭക്ഷണത്തിനുള്ള വകയും കൂടി കൊടുത്താൽ മതി. നിയമസഭാ മെമ്പർമാരും

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാരും daily അലവൻസിൽ നിന്നു് എന്തെങ്കിലും ചില്ലറയായി ട്ടെങ്കിലും മരുതുക സമ്പാദിക്കുന്നുണ്ടു്.

മിസ്റ്റർ എ. മാധവപ്രഭു: ശമ്പളം കൊടുക്കുന്നതു ക്ഷേണത്തിനുവേണ്ടി യാണു്. ഫ്ഫ ൦ വ്യവരെ ഈ റേറു ആറണയും നാലണയും ആയിരുന്നു. ഇപ്പോൾ നാലണ എന്നുള്ളതു് ആറണ ആക്കീട്ടുണ്ടു്. ആറണ എന്നുള്ളതു് എട്ടണയാക്കീട്ടുണ്ടു്. ഇതുപോരായെന്നാണു് ആക്ഷേപം. ഇനിയും കൂട്ടതലാക്കാനുള്ള കാരണങ്ങളൊന്നും ഞാൻ കാണുന്നില്ല. എന്നതന്നെയല്ല ഇപ്പോൾ സകലസാധനങ്ങൾക്കും വില കുറഞ്ഞാണു വന്നിട്ടുള്ളതു്. അതുകൊണ്ടു ഞാൻ ഈ മോഷനെ എതിർക്കുന്നു.

മിസ്റ്റർ സി. വി. ഇയ്യു. ഈ ഉപക്ഷേപത്തെ എനിക്കു പ്രസ്സുചെയ്യാതെ നിവൃത്തിയില്ല. ഇതിനെക്കുറിച്ചു മറുപടി പറയാനൊന്നുമില്ല. സാധുക്കളുടെ കാര്യത്തിൽ ഗവൺമെൻറു പിശുക്കു കാണിക്കരുതെന്നാണു ഞാൻ ആവശ്യപ്പെട്ടതു്. ഫ്ഫ ൦ വ്യ മുതൽക്കു സാധനങ്ങൾക്കു വില വളരെ കുറഞ്ഞു എന്നു പറയുവാൻ നിവൃത്തിയില്ല. വാസ്തവത്തിൽ വില കൂടുകയാണു ചെയ്തിട്ടുള്ളതു്. വളരെക്കാലമായിട്ടു ഇങ്ങനെയാണു് എന്നു പറയുന്ന സമ്പ്രദായം നിങ്ങൾ മാറണം. വളരെക്കാലംമുമ്പു ദിവാൻപേഷ്കാർക്കു പേഴ്സനൽ അസിസ്റ്റൻറുണ്ടായിരുന്നില്ല. അപ്പോൾ പഴയകാര്യം പറഞ്ഞിട്ടു കാര്യമില്ല. ഇപ്പോഴത്തെ സ്ഥിതിഗതികളാണു നോക്കേണ്ടതു്. അതുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ പ്രസ്സുചെയ്യുന്നു.

Mr. C. R. Iyyunni *(Trichur-South):* On a point of information, what will be the approximate amount that Government will have to spend if this proposal is adopted?

Mr. A. Madhava Prabhu *(Diwan Peishkar):* There are a large number of persons. The amount would come to not less than 4 or 5 thousand rupees.

Motion put and carried, 18 voting for and 16 against.

Cut Motion No. 8
Furnishing of the village offices

Mr. K. S. Panickar *(Ezhuvas-Mukundapuram):* I move the following cut motion.—

"To reduce the allotment of Rs. 29,811 for contingencies by Re. 1".

This is to urge upon the Government the urgent necessity of providing the necessary furniture, etc., to all village offices.

സർ, ദിവാൻപേഷ്കാർ അവർകളുടെ ഡിപ്പാർട്ട്മെൻറിലേക്കു നീക്കിവെച്ചിട്ടുള്ള സംഖ്യയിൽനിന്നു കുറച്ചുസംഖ്യ പോയിക്കഴിഞ്ഞു. ഇനി ഇതിൽ നിന്നു കുറക്കുവാനായിട്ടുള്ള ഉദ്ദേശം എനിക്കില്ല. ഈ ഉപക്ഷേപം ഗവൺമെൻറു സ്വീകരിക്കുമെന്നാണു് എൻെറ വിശ്വാസം. ഇതിനുമുമ്പു ബഹുമനപ്പെട്ട നെല്ലായി മെമ്പർ മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ ഒരു ഉപക്ഷേപം ഇവിടെ കൊണ്ടുവരികയും ഇതിൻെറ ആവശ്യകതയെ ഗവൺമെൻറിനെ മനസ്സി

LIBRARY ARCHIVES Kerala Legislative Assembly